RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 24.03.2020

**സർക്കുലർ നമ്പർ 21/20**

വിഷയം:- കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - രോഗവ്യാപനം തടയുന്നത് - ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

പരാമർശം:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 23.03.2020 ലെ 20/2020 . നമ്പർ സർക്കുലർ നിർദ്ദേശം.
2. സർക്കാരിന്റെ പൊതുവായ നിർദ്ദേശങ്ങൾ.

*****

കോവിഡ് 19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പരാമർശം (1) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു ടി നിർദ്ദേശങ്ങൾക്ക് പുറമെ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൂടി കർശനമായി പാലിക്കേണ്ടതാണ്.

1. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള കേരളത്തിലെ മുഴുവൻ പണമിടപാട് നടത്തുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി രാവിലെ 10 മണി മുതൽ 2 മണി വരെ പ്രവർത്തനം നിജപ്പെടുത്തേണ്ടതാണ്.
2. സർക്കാരും ജില്ലാ ഭരണകൂടങ്ങളും സമയാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസരണമായി കേരളത്തിലെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മുഴുവൻ സഹകരണ സ്ഥാപനങ്ങളുടെയും പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്.
3. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം, ഇടപാടുകാരുടെ സാമ്പത്തിക ആവശ്യങ്ങൾ എന്നിവയ്ക്ക് തടസ്സം നേരിടാത്ത വിധത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. മുറ്റത്തെ മുല്ല ഉടങ്ങിയ ലഘു വായ്പാ പദ്ധതികളുടെ തിരിച്ചടവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ ഈ കാലയളവിൽ കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്
അലക്സാണ്ടർ.എ
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി.(ഉപരിപത്രം സഹിതം)
3. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
4. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.

9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
11. എഡിറ്റർ/സഹകരണ വീഥി,
12. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)